**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** **07-02-2023 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവെ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ എന്നീ റെയിൽവെ മേൽപ്പാലങ്ങൾക്കായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | **1. കടുത്തുരുത്തി ROB**<br><br>**കോട്ടയം ജില്ലയിലെ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽ ഉൾപ്പെട്ട 53.80 ആർ ഭൂമി കടുത്തുരുത്തി ROB നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് 06.12.2019 ലെ സ.ഉ.(സാധാ)നം.3663/2019/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ കിഫ്ബി, കോട്ടയം കാര്യാലയം മുഖേന നടന്നുവരുന്നു.**<br><br>**പുതുക്കിയ അർത്ഥന 28.09.2022 തീയതി അർത്ഥനാധികാരിയായ RBDCK 28.09.2022 ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 06.12.2022 ലെ സ.ഉ.(സാധാ)നം. 4984/2022/റവ പ്രകാരം 55.01 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ അനുമതി നൽകുകയുണ്ടായി.**<br><br>**27.10.2022 ൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പിനായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ അലൈൻമെന്റിലെ സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുള്ളതും എൽ.എ.ഒ ഓഫീസിൽ നിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ RBDCK പരിഹരിച്ച് കല്ലുകളുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച് 02.02.2023 ൽ എൽ.എ.ഒ യ്ക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.എ.ഒ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് RBDCK നിക്ഷേപിക്കുന്നതും തുടർന്ന് 2013-ലെ RFCTLARR Act അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത** |

| | | | |
|---|---|---|---|
| | | | **സമയപരിധിക്കുള്ളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.**<br><br>**2. <u>കുറുപ്പന്തറ ROB</u>**<br><br>**കുറുപ്പന്തറ റെയിൽവെ മേൽപ്പാല നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, പാലാ കാര്യാലയം മുഖേനയാണ് നടന്നു വരുന്നത്. ഈ പദ്ധതിയുടെ 11(1) പ്രാരംഭ വിജ്ഞാപനം 24.05.2020 ലെ DCKTM/7162/2018-G1 നം. നടപടിക്രമം പ്രകാരം 16.07.2020 ലെ കേരള അസാധാരണ ഗസറ്റ് നം. 1700 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് 19(1) പ്രഖ്യാപനം 12.07.2022 ലെ DCKTM/7162/2018-G1 നം. നടപടിക്രമം പ്രകാരം 14.07.2022 ലെ കേരള അസാധാരണ ഗസറ്റ് നം. 2343 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 8,55,28,213/- രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കി എൽ.എ.ഒ.യ്ക്ക് നൽകിയിട്ടുണ്ട്. 68 കൈവശങ്ങളിൽ 61 കൈവശങ്ങളുടെ അവാർഡ് പാസ്സാക്കിയിട്ടുള്ളതും രണ്ട് കൈവശക്കാർ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിൽ status quo ഉത്തരവായിട്ടുള്ളതാണ്. റെയിൽവെ ജി.എ.ഡി.യിൽ വന്ന മാറ്റം മൂലം 4.67 ആർ ഭൂമി കൂടുതലായി ഏറ്റെടുക്കേണ്ടി വന്നതിനാൽ ആയത് കൂടി ഉൾപ്പെടുത്തി പുതുക്കിയ റിക്വിസിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ 11(1) അനുബന്ധ വിജ്ഞാപനം 26.07.2022 ലെ DCKTM/7162/2018-G1 പ്രകാരം 29.07.2022 ലെ കേരള അസാധാരണ ഗസറ്റ് നം. 2504 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.** |
| (ബി) | പ്രസ്തുത മേൽപ്പാലങ്ങൾക്കായി 19(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കാമോ; | (ബി) | **1. <u>കടുത്തുരുത്തി ROB</u>**<br><br>**കോട്ടയം ജില്ലയിലെ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിൽ ഉൾപ്പെട്ട 53.80 ആർ ഭൂമി കടുത്തുരുത്തി ROB നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിന് 06.12.2019 ലെ സ.ഉ.(സാധാ)നം.3663/2019/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുക്കൽ നടപടികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ കിഫ്ബി, കോട്ടയം കാര്യാലയം മുഖേന നടന്നുവരുന്നു.**<br><br>**പുതുക്കിയ അർത്ഥന 28.09.2022 തീയതി അർത്ഥനാധികാരിയായ RBDCK 28.09.2022 ന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 06.12.2022** |

ലെ സ.ഉ.(സാധാ)നം. 4984/2022/റവ പ്രകാരം 55.01 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പുതുക്കിയ അനുമതി നൽകുകയുണ്ടായി.

27.10.2022 ൽ പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പിനായി 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പദ്ധതിയുടെ അലൈൻമെന്റിലെ സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുള്ളതും എൽ.എ.ഒ ഓഫീസിൽ നിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ RBDCK പരിഹരിച്ച് കല്ലുകളുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച് 02.02.2023 ൽ എൽ.എ.ഒ യ്ക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുപ്പ് നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.എ.ഒ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് RBDCK നിക്ഷേപിക്കുന്നതും തുടർന്ന് 2013-ലെ RFCTLARR Act അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമെടുപ്പ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

2. <u>കുറുപ്പന്തറ ROB</u>

കുറുപ്പന്തറ റെയിൽവെ മേൽപ്പാല നിർമ്മാണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, പാലാ കാര്യാലയം മുഖേനയാണ് നടന്നു വരുന്നത്. ഈ പദ്ധതിയുടെ 11(1) പ്രാരംഭ വിജ്ഞാപനം 24.05.2020 ലെ DCKTM/7162/2018-G1 നം. നടപടിക്രമം പ്രകാരം 16.07.2020 ലെ കേരള അസാധാരണ ഗസറ്റ് നം. 1700 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് 19(1) പ്രഖ്യാപനം 12.07.2022 ലെ DCKTM/7162/2018-G1 നം. നടപടിക്രമം പ്രകാരം 14.07.2022 ലെ കേരള അസാധാരണ ഗസറ്റ് നം. 2343 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 8,55,28,213/- രൂപ കിഫ്ബിയിൽ നിന്നും ലഭ്യമാക്കി എൽ.എ.ഒ.യ്ക്ക് നൽകിയിട്ടുണ്ട്. 68 കൈവശങ്ങളിൽ 61 കൈവശങ്ങളുടെ അവാർഡ് പാസ്സാക്കിയിട്ടുള്ളതും രണ്ട് കൈവശക്കാർ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിൽ status quo ഉത്തരവായിട്ടുള്ളതാണ്. റെയിൽവെ ജി.എ.ഡി.യിൽ വന്ന മാറ്റം മൂലം 4.67 ആർ ഭൂമി കൂടുതലായി ഏറ്റെടുക്കേണ്ടി വന്നതിനാൽ ആയത് കൂടി ഉൾപ്പെടുത്തി പുതുക്കിയ റിക്വിസിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ 11(1)

| | | | |
|---|---|---|---|
| | | | **അനുബന്ധ വിജ്ഞാപനം 26.07.2022 ലെ DCKTM/7162/2018-G1 പ്രകാരം 29.07.2022 ലെ കേരള അസാധാരണ ഗസറ്റ് നം. 2504 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.** |
| (സി) | പ്രസ്തുത മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പിനായുള്ള പുനരധിവാസ പാക്കേജ് അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | (സി) | **1.<u>കടുത്തുരുത്തി ROB</u>**<br><br>**പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.**<br><br>**2.<u>കുറുപ്പന്തറ ROB</u>**<br><br>**ഈ പദ്ധതിയുടെ പുനരധിവാസ പാക്കേജ് 28.05.2022 ലെ LR/7512/2021-LR (C3) നമ്പർ നടപടിക്രമപ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിച്ചിട്ടുള്ളതാണ്.** |
| (ഡി) | ഇതിനായി കല്ലുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലെന്ന് വിശദീകരിക്കാമോ; | (ഡി) | **1.<u>കടുത്തുരുത്തി ROB</u>**<br><br>**അലൈന്മെന്റിൽ പൂർണ്ണമായും കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സംയുക്ത സ്ഥലപരിശോധന പൂർത്തീകരിച്ചിട്ടുള്ളതുമാണ്.**<br><br>**2.<u>കുറുപ്പന്തറ ROB</u>**<br><br>**അലൈന്മെന്റിൽ പൂർണ്ണമായും കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 19(1) പ്രഖ്യാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് അവാർഡ് നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ഇ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഇനി അവശേഷിക്കുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | (ഇ) | **1.<u>കടുത്തുരുത്തി ROB</u>**<br><br>**പ്പസ്തുത പദ്ധതിയുടെ അലൈന്മെന്റിലെ സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുള്ളതും എൽ.എ.ഒ ഓഫീസിൽ നിന്നും ചൂണ്ടിക്കാട്ടിയ ന്യൂനതകൾ RBDCK പരിഹരിച്ച് കല്ലുകളുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച് 02.02.2023 ൽ എൽ.എ.ഒ യ്ക്ക് നൽകിയിട്ടുള്ളതാണ്.**<br><br>**കണ്ടിജൻസി ചാർജ്ജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.എ.ഒ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് RBDCK നിക്ഷേപിക്കുന്നതും തുടർന്ന് 2013-ലെ RFCTLARR Act അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.**<br><br>**2.<u>കുറുപ്പന്തറ ROB</u>** |

| | | | |
|---|---|---|---|
| | | | **68 കൈവശങ്ങളിൽ 61 കൈവശങ്ങളുടെ അവാർഡ് പാസ്സാക്കിയിട്ടുള്ളതും രണ്ട് കൈവശക്കാർ ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിൽ status quo ഉത്തരവായിട്ടുള്ളതാണ്. ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. 4.67 ആർ ആധിക ഭൂമി കൂടി ഏറ്റെടുക്കുന്നതിന് ആവശ്യമായ ഫണ്ട് കിഫ്ബിയിൽ നിന്ന് ലഭ്യമാക്കി 19(1) പ്രഖ്യാപനം അടക്കമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.** |

സെക്ഷൻ ഓഫീസർ